(ബി) അന്ത്യോദയ, അന്നയോജന പദ്ധതിപ്രകാരം 595800 കുടുംബങ്ങളും അന്നപൂർണ്ണ പദ്ധതിപ്രകാരം 44980 വ്യക്തികളുമാണ് സംസ്ഥാനത്തിന് കേന്ദ്രം നിശ്ചയിച്ചിട്ടുള്ള ടാർജറ്റ്. നടപ്പുവർഷം കൂടുതലായി കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള 124000 അന്ത്യോദയ, അന്നയോജന കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) 471800 കുടുംബങ്ങൾക്ക്.

(ഡി) അന്ത്യോദയ, അന്നയോജന പദ്ധതിപ്രകാരമുള്ള അരിവിതരണത്തിൽ എന്തെങ്കിലും മിസ്മാനേജ്മെന്റ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ പദ്ധതിപ്രകാരമുള്ള ഗുണഭോക്താക്കളുടെ പേരുവിവരം, അവർക്ക് അർഹതപ്പെട്ട ഭക്ഷ്യധാന്യത്തിന്റെ അളവ്, വില തുടങ്ങിയ എല്ലാ വിവരങ്ങളും റേഷൻകടകളിൽ പ്രദർശിപ്പിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശോധനാ ഉദ്യോഗസ്ഥൻമാർ തങ്ങളുടെ പരിശോധനാവേളകളിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരെയാണ് അന്നപൂർണ്ണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

നെല്ല് സംഭരിക്കുവാനും അത് അരിയാക്കി റേഷൻ കടകൾവഴി വിൽക്കുവാനും നടപടി

21 [3443] *ശ്രീ. കെ. സുധാകരൻ:*
,, *വർക്കല കഹാർ:*
,, *ലൂഡി ലൂയിസ്:*
,, *കെ. സി. ജോസഫ്:*

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇനിമുതൽ എല്ലാവർഷവും സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുവാനും അത് അരിയാക്കി റേഷൻ കടകൾവഴി വിൽക്കുവാനും ഉദ്ദേശമുണ്ടോ;

(ബി) ഇതിനുള്ള സ്റ്റാന്റിംഗ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുമോ;

(സി) ഈ വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ലെടുക്കുകയും അത് അരിയാക്കി വിതരണം നടത്തുകയും ചെയ്യുന്നതിന് എന്ത് നഷ്ടമുണ്ടാകും എന്നാണ് കണക്കാക്കിയിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തുനിന്ന് ഈ വർഷം എടുത്ത നെല്ല് അരിയാക്കി റേഷൻ കടകൾവഴി വിതരണം ചെയ്യുന്നതിന്റെ വിശദവിവരങ്ങൾ മാധ്യമങ്ങൾവഴി ജനങ്ങളെ അറിയിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇതിനുള്ള സ്റ്റാന്റിംഗ് ഓർഡർ പുറപ്പെടുവിച്ചിട്ടില്ല.

(സി) സംഭരിക്കുന്ന നെല്ലിന്റെ നഷ്ടം എത്രയാകുമെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) നെല്ല് സംഭരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഇതിന്റെ വിശദാംശങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പത്രപ്രസ്താവനകൾവഴി ജനങ്ങളെ അറിയിച്ചിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷന് ഓരോ വർഷവും നൽകിയ സബ്സിഡി തുക

22 [3444] *ശ്രീ. എം. എ. വാഹിദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് ഓരോ വർഷവും നൽകിയ സബ്സിഡി തുകയുടെ വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന് 5 വർഷത്തേക്ക് എത്ര രൂപ സബ്സിഡിയായി അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു:

വർഷം	*തുക (കോടിയിൽ)*
2001-2002	33
2002-2003	50
2003-2004	30
2004-2005	30
ആകെ	**143**

(ബി) 197 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly